അബ്ദുല്ലത്വീഫ് കൊടുവള്ളി

# തെറ്റു ചെയ്തവരെ നന്നാവാൻ സഹായിക്കുക

وَعَنْ أَبِي هُرَيْرَة رَضِيَ اللهُ عَنْه قَالَ: أُتِيَ النبيُّ صَلى الله عَلَيْه وَسَلم بِسَكرَان، فَأَمره بِضَربه، فَمِنَّا مَن يَضربه بِثَوبه، فَلَمَّا انصَرَف، قَالَ رَجلٌ: مَا له؟ أَخزاه الله! فَقَالَ رَسُول الله صَلى الله عَلَيه وَسَلم: لَا تَكُونوا عونَ الشَّيطَان عَلى أَخِيكم - رَوَاه البُخَارِي. وَفِي رِوَايَة: قُولُوا: اللهُم اغْفِر لَه

**അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം: 'മദ്യപിച്ച് ലഹരി മത്തനായ ഒരാളെ നബി(സ)യുടെ അടുത്ത് കൊണ്ടുവരപ്പെട്ടു. അദ്ദേഹം അയാളെ (ശിക്ഷാ നടപടിയുടെ ഭാഗമായി) അടിക്കാൻ ഉത്തരവിട്ടു. (അവിടെയുണ്ടായിരുന്ന) ഞങ്ങളിൽ ചിലർ അയാളെ വസ്ത്രം കൊണ്ട് അടിച്ചു. നടപടി കഴിഞ്ഞപ്പോൾ ഒരാൾ പറഞ്ഞു: 'അയാൾക്കെന്തു പറ്റി? അല്ലാഹു അയാളെ നിന്ദ്യനാക്കട്ടെ!' അപ്പോൾ അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ സഹോദരനെതിരെ പിശാചിന് സഹായമാവാതിരിക്കുക' (ബുഖാരി). മറ്റൊരു റിപ്പോർട്ടിൽ: 'നിങ്ങൾ അല്ലാഹുവേ, അയാൾക്ക് നീ പൊറുത്തുകൊടുക്കേണമേ എന്നു പറയുക' എന്നാണുള്ളത്.**

മദ്യപാനത്തിന്റെ പേരിൽ പലതവണ പ്രഹരശിക്ഷക്ക് വിധേയനായ ഒരാൾക്കെതിരെ സ്വീകരിച്ച നടപടിയും തുടർന്ന് അവിടെയുണ്ടായ ചില സംഭവങ്ങളുമാണ് ഹദീസിന്റെ പശ്ചാത്തലം.

ഏതൊരു മനുഷ്യന്റെയും സഹജഗുണം നന്മയാണെന്നത് ഇസ്‌ലാമിന്റെ മൗലികാശയമാണെന്നതുപോലെത്തന്നെ, പല കാരണങ്ങളാലും തെറ്റു ചെയ്തുപോവുക എന്നതും മനുഷ്യ പ്രകൃതിയുടെ ഭാഗമാണെന്നും ഇസ്‌ലാം സിദ്ധാന്തിക്കുന്നു. 'എല്ലാ മനുഷ്യരും തെറ്റുചെയ്യുന്നവരാണ്, തെറ്റു ചെയ്യുന്നവരിൽ ഉത്തമർ പശ്ചാത്തപിക്കുന്നവരാണ്' (തിർമിദി, ഇബ്നു മാജ).

والذي نفسي بيده لو لم تذنبوا، لذهب الله بكم، وجاء بقوم يذنبون، فيستغفرون الله تعالى، فيغفر لهم

'എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനാണ! നിങ്ങൾ തെറ്റ് ചെയ്തില്ലെങ്കിൽ അല്ലാഹു നിങ്ങളെ മാറ്റി പകരം മറ്റൊരു സമൂഹത്തെ കൊണ്ടുവരും. അവർ തെറ്റ് ചെയ്യും, അല്ലാഹുവിനോട് പാപമോചനം തേടും; അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കും' (മുസ്‌ലിം) എന്നീ ഹദീസുകൾ ഇക്കാര്യം സ്ഥാപിക്കുന്നു.

> **"തെറ്റു ചെയ്തവരെ പാപക്കുണ്ടിൽ വീഴാതെ രക്ഷിച്ചെടുക്കുക എന്നതാണ് ഉത്തമരായ സഹജീവികളുടെ ധർമം. ഏത് വ്യവസ്ഥിതിയിലും തെറ്റു ചെയ്തവർക്ക് തെറ്റിന്റെ തോതനുസരിച്ച് ശിക്ഷ ലഭിക്കും. അത് ഏറ്റുവാങ്ങാൻ അവർ ബാധ്യസ്ഥരുമാണ്. 'കുറ്റവും ശിക്ഷയും' എന്നാണല്ലോ പ്രയോഗം. ശിക്ഷ നടപ്പാക്കേണ്ടതോ, ഉത്തരവാദപ്പെട്ട സംവിധാനങ്ങളും. എല്ലാവരും അതിനു വിധേയരുമാണ്.**

തെറ്റുകൾ ചെയ്തു എന്നതുകൊണ്ട് മാത്രം ഒരാൾക്ക് അല്ലാഹുവിന്റെ പ്രത്യേക പരിഗണന ഇല്ലാതാവില്ല. ആദരണീയമായ സ്വർഗത്തിൽനിന്ന് പുറത്തു കടക്കാൻ കാരണമായ തെറ്റു ചെയ്തുവെങ്കിലും, ആദം നബിക്ക്

വിശുദ്ധിയുടെയോ ഖിലാഫത്തിന്റെയോ സ്ഥാനം നഷ്ടപ്പെടുകയുണ്ടായില്ല. എന്നുമാത്രമല്ല, അല്ലാഹു അദ്ദേഹത്തെ തന്റെ ദൗത്യനിർവഹണത്തിനായി തെരഞ്ഞെടുക്കുകയുമുണ്ടായി.

ثُمَّ اجْتَبَاهُ رَبُّهُ فَتَابَ عَلَيْهِ وَهَدَىٰ ﴿١٢٢﴾

'പിന്നീട് അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തെ സവിശേഷം തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കുകയും മാർഗദർശനം നൽകുകയും ചെയ്തു' (*ത്വാഹാ:* 122).

തെറ്റു ചെയ്തവരെ മാറ്റിനിറുത്തി തെറ്റു ചെയ്യാത്തതങ്ങൾക്ക് അവസരം തരണം എന്ന തരത്തിൽ ചിലർ വിശുദ്ധി ചമയുന്ന പല അവസരങ്ങളും നമ്മുടെ സാമൂഹിക ജീവിതത്തിൽ നാം കാണാറുണ്ട്. തെറ്റു ചെയ്തവർക്ക് തെറ്റുകൾ തിരുത്താനോ, തെറ്റു ചെയ്തവരിലെ അനേകം നന്മകൾ കാണാനോ പൊതുവെ നാം കൂട്ടാക്കാറില്ല എന്നതാണ് വസ്തവം.

وَإِذَا الْحَبِيبُ أَتَى بِذَنْبٍ وَاحِدٍ     جَاءَتْ مَحَاسِنُهُ بِأَلْفِ شَفِيعِ

'പ്രിയപ്പെട്ടവൻ ഒരു തെറ്റു ചെയ്തുവെങ്കിൽ, അയാളുടെ നന്മകൾ അയാൾക്ക് വേണ്ടി ആയിരം ശിപാർശകരായി രംഗത്തു വരാനുണ്ടാവും' എന്നാണ് കവിവാക്യം.

തെറ്റു ചെയ്തവരെ പാപക്കുണ്ടിൽ വീഴാതെ രക്ഷിച്ചെടുക്കുക എന്നതാണ് ഉത്തമരായ സഹജീവികളുടെ ധർമം. ഏത് വ്യവസ്ഥിതിയിലും തെറ്റു ചെയ്തവർക്ക് തെറ്റിന്റെ തോതനുസരിച്ച് ശിക്ഷ ലഭിക്കും. അത് ഏറ്റുവാങ്ങാൻ അവർ ബാധ്യസ്ഥരുമാണ്. 'കുറ്റവും ശിക്ഷയും' എന്നാണല്ലോ പ്രയോഗം. ശിക്ഷ നടപ്പാക്കേണ്ടതോ, ഉത്തരവാദപ്പെട്ട സംവിധാനങ്ങളും. എല്ലാവരും അതിനു വിധേയരുമാണ്.

അതിനുപുറമെ, ജനങ്ങൾ തെറ്റുകാരെ ശപിക്കുന്നതും ചീത്തവിളിക്കുന്നതും അപമാനിക്കുന്നതും പരിഹസിക്കുന്നതുമെല്ലാം ശിക്ഷയുടെ ഫലം നഷ്ടപ്പെടുത്തുന്നതും കുറ്റവാളികളിൽ പ്രതികാരവാഞ്ഛയും വാശിയും വളർത്തുന്നതുമായ പ്രതിലോമ നടപടിയായിരിക്കും. കുറ്റവാളിയാണെങ്കിലും അയാൾ 'നിങ്ങളുടെ സഹോദരനാ'ണെന്ന നബി(സ)യുടെ പ്രയോഗവും, അയാളെ പ്രകോപിപ്പിക്കുന്നത് അയാളുടെ പിശാചിന് വളമാവുമെന്ന താക്കീതും, എത്ര ഗൗരവത്തോടെയും വിവേകത്തോടെയുമാവണം ഇത്തരം സന്ദർഭങ്ങളെ കൈകാര്യം ചെയ്യേണ്ടതെന്ന് വ്യക്തമാക്കുന്നു.

കുറ്റവാളികളെ നിന്ദിക്കാനായി പ്രാർഥിക്കുന്നതോടെ പിശാചിന് തന്റെ ജോലി എളുപ്പമാവും. പരിഹാസവും കുത്തുവാക്കുകളും തെറ്റിൽ ഉറച്ചുനിൽക്കാൻ പ്രേരിപ്പിച്ചേക്കും. അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് അകറ്റുന്ന നടപടി ആയതിനാൽ അത്തരം ശാപപ്രാർഥനകൾ പാടില്ലെന്ന് നബി(സ) വിലക്കി. വിലക്കിയതിൽനിന്ന്, വൻപാപങ്ങൾ ചെയ്തതുകൊണ്ടുമാത്രം ഒരാൾ സത്യനിഷേധിയാവില്ല എന്നു വ്യക്തമായി. സംഭവത്തിലെ കഥാനായകനായ നുഐമാൻ കൂടെക്കൂടെ മദ്യപിച്ച് ശിക്ഷ ഏറ്റുവാങ്ങുന്നുവെങ്കിലും അയാളുടെ മനസ്സ് അല്ലാഹുവിനോടും നബി(സ)യോടുമുള്ള സ്നേഹത്താൽ നിർഭരമായിരുന്നു. 'മദ്യപാനി മദ്യപിച്ചുകൊണ്ട് സത്യവിശ്വാസിയാവുകയില്ല' എന്ന നബിവചനത്തിന്റെ വിവക്ഷ, അയാളുടെ ഈമാൻ മൊത്തമായിത്തന്നെ നിഷ്ഫലമായി കാഫിറാവും എന്നല്ല, പൂർണമാവില്ല എന്നത്രെ. ശിക്ഷ നടപ്പാക്കുന്നതോടൊപ്പം അവരെ ധാർമിക ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ശ്രമങ്ങൾ വേറെ നടത്തും.

മദ്യപാനം പോലുള്ള തെറ്റുകളുടെ പേരിൽ ആളുകളെ വെറുക്കാൻ തുടങ്ങിയാൽ സമൂഹത്തിൽ നിലനിൽക്കേണ്ട സ്നേഹ ബന്ധങ്ങൾ തകരും. പാപരഹിതമായ സമൂഹം


**കുറ്റവാളികളെ നിന്ദിക്കാനായി പ്രാർഥിക്കുന്നതോടെ പിശാചിന് തന്റെ ജോലി എളുപ്പമാവും. പരിഹാസവും കുത്തുവാക്കുകളും തെറ്റിൽ ഉറച്ചുനിൽക്കാൻ പ്രേരിപ്പിച്ചേക്കും. അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് അകറ്റുന്ന നടപടി ആയതിനാൽ അത്തരം ശാപപ്രാർഥനകൾ പാടില്ലെന്ന് നബി(സ) വിലക്കി.**


എന്ന ലക്ഷ്യത്തിലേക്കുള്ള ഉപായങ്ങൾ ഇല്ലാതാക്കും. അധിക്ഷേപങ്ങളും കുറ്റപ്പെടുത്തലുകളും പ്രശ്നപരിഹാരമല്ല, പ്രശ്നങ്ങളാണ്. നന്മയെക്കാൾ സമൂഹത്തിൽ തിന്മക്കാണ് മേൽക്കൈ എന്ന തരത്തിലേക്ക് ചർച്ചകൾ കൊണ്ടുപോവാൻ വഴിവെക്കും. തെറ്റു ചെയ്യാനുള്ള മനസ്സുമായി നടക്കുന്നവർക്ക് പ്രചോദനമാവും.

തെറ്റു തിരുത്തുന്നത് ആത്മാർഥമായാണെങ്കിൽ അത് അതിന്റെ രീതിയിൽ പ്രതിഫലിച്ചിരിക്കണം. ഗുണകാംക്ഷാപൂർണമായിരിക്കണം. സമൂഹമധ്യത്തിൽ വെച്ച് വിമർശിക്കാതെ നേരിൽ കണ്ട് സ്വകാര്യമായിട്ടായിരിക്കണം.

تَعَمَّدني بِنُصحِكَ في اِنفِرادي     وَجَنِّبني النَصيحَةَ في الجَماعَه

فَإِنَّ النُصحَ بَينَ الناسِ نَوعٌ     مِنَ التَوبيخِ لا أَرضى اِستِماعَه

'ഞാൻ ഒറ്റക്കാവുമ്പോൾ എന്നെ നിങ്ങൾ വേണ്ടുവോളം ഉപദേശിച്ചു കൊള്ളുക, കൂട്ടത്തിലാവുമ്പോൾ ഉപദേശം ഒഴിവാക്കുക. ആളുകൾക്കിടയിൽ വെച്ച് ഉപദേശിക്കുന്നത് ഒരുതരം അധിക്ഷേപമാണ്. അത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല' (ഇമാം ശാഫിഈ).

ഹദീസിന്റെ അവസാനത്തിലുള്ള 'നിങ്ങളുടെ സഹോദരൻ' എന്ന പ്രയോഗത്തിൽ ഇതിന്റെ സത്താസാരം ഉള്ളടങ്ങിയിട്ടുണ്ട്. കുറ്റങ്ങളെ വെറുക്കുന്നതോടൊപ്പം കുറ്റവാളികളെ ചേർത്തുപിടിച്ച് നേർവഴിയിലേക്ക് നയിക്കാൻ, തെറ്റുതിരുത്താൻ കുറ്റവാളികൾ നടത്തുന്നതിനെക്കാൾ സ്വയം നിയന്ത്രണവും വിവേകവും ഇസ്‌ലാമിക പ്രവർത്തകർ സ്വായത്തമാക്കിയിരിക്കണമെന്നതാണ് ഈ നബിവചനത്തിന്റെ പാഠം. കുറ്റവാളികൾക്കെതിരെ സ്വീകരിക്കുന്ന ഏതു നടപടിയും പ്രതികാരപരമാവരുത്, തിരികെ കൊണ്ടുവരാനുള്ള ശുഭാന്ത്യം സമ്മാനിക്കുന്ന വിധത്തിലായിരിക്കണം. ●